"ഭരണ ഭാഷ-മാതൃഭാഷ"

ICDS A1/27437/19

വനിതശിശുവികസന വകുപ്പ് ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
ഫോൺ: 0471-2346508
ഇ.മെയിൽ: swdicds@gmail.com
തീയതി : 10.06.2020

ഡയറക്ടർ
വനിതശിശുവികസന വകുപ്പ്.

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.

മാഡം,

വിഷയം : വനിത ശിശുവികസന വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി-ഫ്ലെക്സി ഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്ന പലിശ ഇനത്തിലുള്ള തുക, LPG സബ്സിഡി തുക എന്നിവ സർക്കാരിലേക്ക് തിരിച്ചടക്കുന്നത് - സംബന്ധിച്ച്.

സൂചന : പോത്തൻകോട് ശിശു വികസന പദ്ധതി ഓഫീസറുടെ 19.08.2019 തീയതിയിലെ ഐ.സി.ഡി.എസ്/പി.എൻ.സി.ഡി/ബി-833/19 നമ്പർ കത്ത്.

സംയോജിത ശിശു വികസന സേവന പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ അടിയന്തിര ആവശ്യങ്ങൾ നിർവഹിക്കുന്നതിലേക്കായുള്ള ഫ്ലെക്സി ഫണ്ടായി അനുവദിച്ചിരുന്ന തുകയുടെ ബാങ്ക് അകൗണ്ടിൽ ഫ്ലക്സി ഫണ്ട് തുകയുടെ ബാങ്ക്പലിശ, LPG സബ്സിഡി ഇനത്തിൽ ലഭിക്കുന്ന തുക എന്നിവ അവശേഷിക്കുന്നതായും പ്രസ്തുത തുക അങ്കണവാടികളുടെ വിവിധ ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതിനുള്ള അനുമതിക്കായും സൂചന പ്രകാരം പോത്തൻകോട് ശിശു വികസന പദ്ധതി ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇപ്രകാരം വിവിധ ICDSകളിൽ നിലവിലുള്ള ഫ്ലക്സി ഫണ്ട് അകൗണ്ടിൽ തുക നിക്ഷേപിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ടി സാഹചര്യത്തിൽ ബാങ്ക് അകൗണ്ടിൽ അവശേഷിക്കുന്ന ഫ്ലെക്സി ഫണ്ട് തുകയുടെ ബാങ്ക്പലിശ ഇനത്തിലുള്ള തുക 0049-04-800-80 Miscellaneous receipts other items എന്ന ശീർഷകത്തിലേക്കും LPG സബ്സിഡി ഇനത്തിൽ ലഭിക്കുന്ന തുക ROP ശീർഷകത്തിലേക്കും ഒടുക്കുന്നതിന് നിർദേശിക്കുന്നു. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാരും 20.06.2020 തീയതിയ്ക്കകം ഇപ്രകാരം തുക തിരിച്ചടക്കേണ്ടതും ജില്ലാ പ്രോഗ്രാം ഓഫീസർമാർ അപ്രകാരം തിരിച്ചടച്ച തുകയുടെ വിശദാംശം ഇതോടൊപ്പമുള്ള പ്രോഫോർമ പ്രകാരം ക്രോഡീകരിച്ച് 30.06.2020 തീയതിയ്ക്കകം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

വനിതശിശുവികസന ഡയറക്ടർക്കു വേണ്ടി.

ପ്രോഫോർമ

<u>ജില്ലയുടെ പേര്:</u>

| ക്രമ.നം | ICDS ന്റെ പേര് | ഫ്ലെക്സി ഫണ്ട് പലിശയിനത്തിൽ തിരിച്ചടച്ച തുക | LPG സബ്സിഡി ഇനത്തിൽ തിരിച്ചടച്ച തുക |
|---|---|---|---|
| | ആകെ | | |

ഒപ്പ്